മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഫെബ്രുവരി 19

വാർത്താക്കുറിപ്പ്

എം.എ./എം.എസ്സി./എം.കോം. പ്രൈവറ്റ്

ഹാൾടിക്കറ്റ് – പരീക്ഷ കേന്ദ്രങ്ങൾ

ഫെബ്രുവരി 22ന് ആരംഭിക്കുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./ എം.എസ്സി./എം.കോം. (പ്രൈവറ്റ് - 2016 അഡ്മിഷൻ റഗുലർ, 2016 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018) ഡിഗ്രി പരീക്ഷ ഹാൾടിക്കറ്റ് വിതരണ കേന്ദ്രങ്ങളുടെയും പരീക്ഷ കേന്ദ്രങ്ങളുടെയും പട്ടിക പ്രസിദ്ധീകരിച്ചു. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/333/2019)

എം.ഫിൽ പ്രവേശന പരീക്ഷ മാർച്ച് ആറിന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ 2018-19 അധ്യയന വർഷത്തെ എം.ഫിൽ ഗാന്ധിയൻ സ്റ്റഡീസ്/ഡവലപ്മെന്റ് സ്റ്റഡീസ് കോഴ്സിന്റെ പ്രവേശന പരീക്ഷ മാർച്ച് ആറിന് രാവിലെ 10ന് പഠനവകുപ്പിൽ നടക്കും. തുടർന്ന് അഭിമുഖവും നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2731039.

(പി.ആർ.ഒ./39/334/2019)

പരീക്ഷ ഫലം

2018 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എഡ്. റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/335/2019)

2018 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ (ബിസിനസ് സ്റ്റഡീസ് - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/336/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. ജിയോളജി (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/337/2019)

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് (നോൺ സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/338/2019)

മിക്സ്ഡ് മെത്തേഡ് റിസർച്ച്;

രാജ്യാന്തര സമ്മേളനം 22 മുതൽ

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ മിക്സ്ഡ് മെത്തേഡ്സ് ഗവേഷണത്തെക്കുറിച്ച് സംഘടിപ്പിക്കുന്ന രാജ്യാന്തര

കോൺഫറൻസ് ഫെബ്രുവരി 22 മുതൽ 24 വരെ നടക്കും. ബ്രിട്ടണിലെ ബൗൺമൗത്ത്, ലിവർപൂൾ ജോൺ മൂർസ് സർവകലാശാലകളുമായി സഹകരിച്ചാണ് കോൺഫറൻസ് നടക്കുക.

ഗവേഷണരംഗത്ത് നൂതന പ്രവണതയായ മിക്സ്ഡ് മെത്തേഡ്സിനെക്കുറിച്ചും മികച്ച ജേർണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചും വിദഗ്ധർ പരിശീലനം നൽകും. ഗവേഷകർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം. റിസർച്ച് ഗ്രാന്റ് എഴുത്തുരീതി, റിസർച്ച് മെത്തഡോളജി, എസ്.പി.എസ്.എസ്. എന്നിവയെക്കുറിച്ചുള്ള പ്രീകോൺഫറൻസ് ശിൽപശാല ഫെബ്രുവരി 22ന് നടക്കും. രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ സാബു തോമസ് ഉദ്ഘാടനം ചെയ്യും. ഡോ. പദ്മംശിഖദ, പ്രൊഫ. എഡ്വിൻ വാൻ തേജലിംഗൻ, ഡോ. പ്രമോദ് റമ്മി, പ്രൊഫ. ജയദേവൻ ശ്രീധരൻ, ഡോ. രാജേഷ് കോമത്ത്, ഡോ. മുഹമ്മദ് അസിം, ഡോ. ബ്രിജേഷ് സത്യൻ, ഡോ. ബേദാന്ത റോയ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കും.

സംഗ്രഹം ഇന്നുകൂടി (ഫെബ്രുവരി 20) സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് www.sobs.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. രജിസ്ട്രേഷന് ഫോൺ: 9526719084.

(പി.ആർ.ഒ./39/339/2019)

എ. അരുൺ കുമാർ

പബ്ലിക് റിലേഷൻസ് ഓഫീസർ